STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.71/PR/SPMC/PHQ/2023 Date: 28.06.2023

# സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് വെള്ളിയാഴ്ച വിരമിക്കുന്നു

ഡി.ജി.പിയും സംസ്ഥാന പോലീസ് മേധാവിയുമായ അനിൽകാന്ത് വെള്ളിയാഴ്ച സർവീസിൽ നിന്ന് വിരമിക്കും. 2021 ജൂൺ 30 മുതൽ രണ്ട് വർഷമാണ് അനിൽകാന്ത് സംസ്ഥാന പോലീസ് മേധാവിയായി പ്രവർത്തിച്ചത്.

1962 ജനുവരി അഞ്ചിന് ഡൽഹിയിലാണ് അദ്ദേഹം ജനിച്ചത്. ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്ന് പൊളിറ്റിക്കൽ സയൻസിൽ ബിരുദാനന്തര ബിരുദം നേടി. 1988 ബാച്ചിൽ ഇന്ത്യൻ പോലീസ് സർവ്വീസിൽ കേരളാ കേഡറിൽ പ്രവേശിച്ചു.

റോഡ് സുരക്ഷാ കമ്മീഷണർ സ്ഥാനത്ത് നിന്നാണ് അനിൽകാന്ത് സംസ്ഥാന പോലീസ് മേധാവി പദവിയിലെത്തിയത്. കേരളാകേഡറിൽ എ.എസ്.പി ആയി വയനാട് സർവ്വീസ് ആരംഭിച്ച അദ്ദേഹം തിരുവനന്തപുരം റൂറൽ, റെയിൽവേ എന്നിവിടങ്ങളിൽ എസ്.പി ആയി പ്രവർത്തിച്ചു. തുടർന്ന് ന്യൂഡെൽഹി, ഷില്ലോങ് എന്നിവിടങ്ങളിൽ ഇന്റലിജൻസ് ബ്യൂറോയിൽ അസിസ്റ്റന്റ് ഡയറക്ടർ ആയി. മടങ്ങിയെത്തിയ ശേഷം പോലീസ് ട്രെയിനിംഗ് കോളേജിൽ പ്രിൻസിപ്പലായി. തുടർന്ന് കൊച്ചി സിറ്റി പോലീസ് കമ്മീഷണറായും മലപ്പുറം, എറണാകുളം ക്രൈംബ്രാഞ്ച് എന്നിവിടങ്ങളിൽ എസ്.പി ആയും പ്രവർത്തിച്ചു. സ്പെഷ്യൽ ബ്രാഞ്ച്, തിരുവനന്തപുരം റേഞ്ച് എന്നിവിടങ്ങളിൽ ഡി.ഐ.ജി ആയും സ്പെഷ്യൽ ബ്രാഞ്ച്, ക്രൈംബ്രാഞ്ച് എന്നിവിടങ്ങളിൽ ഐ.ജി ആയും ജോലി നോക്കി. ഇടക്കാലത്ത് അഡിഷണൽ എക്സൈസ് കമ്മീഷണർ ആയിരുന്നു.

എ.ഡി.ജി.പി ആയി സ്ഥാനക്കയറ്റം ലഭിച്ച ശേഷം കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ ആയിരുന്നു. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ എ.ഡി.ജി.പി ആയും പ്രവർത്തിച്ചു. ഫയർഫോഴ്സ്, ബറ്റാലിയൻ, പോലീസ് ആസ്ഥാനം, സൗത്ത്സോൺ, ക്രൈംബ്രാഞ്ച് എന്നിവിടങ്ങളിൽ എ.ഡി.ജി.പി ആയും ജോലി നോക്കി. ജയിൽ മേധാവി, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തലവൻ, ഗതാഗത കമ്മീഷണർ എന്നീ തസ്തികകളും വഹിച്ചിട്ടുണ്ട്.

വിശിഷ്ടസേവനത്തിനും സ്തുത്യർഹസേവനത്തിനുമുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡൽ ലഭിച്ചിട്ടുണ്ട്. 64 ാമത് ആൾ ഇന്ത്യ പോലീസ് ഗെയിംസ് വിജയകരമായി സംഘടിപ്പിച്ച തിന് കമന്റേഷനും 2018 ൽ ബാഡ്ജ് ഓഫ് ഓണറും ലഭിച്ചു.

വിരമിച്ച ഇന്ത്യൻ റവന്യു സർവ്വീസ് ഓഫീസർ പ്രീത ഹാരിറ്റ് ആണ് ഭാര്യ. മകൻ രോഹൻ ഹാരിറ്റ് ന്യൂഡെൽഹിയിലെ ഓരു സ്റ്റാർട്ടപ്പ് മിഷന്റെ ചീഫ് എക്സിക്യുട്ടീവ് ഓഫീസറാണ്.

വിരമിക്കുന്ന സംസ്ഥാന പോലീസ് മേധാവി അനിൽ കാന്തിന് പോലീസ് സേന നൽകുന്ന വിടവാങ്ങൽ പരേഡ് വെള്ളിയാഴ്ച രാവിലെ 7.45 ന് തിരുവനന്തപുരം പേരൂർക്കട എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ നടക്കും. കേരളാ പോലീസിന്റെ ഔദ്യോഗിക യാത്രയയപ്പ് ചടങ്ങ് വെള്ളി യാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് പോലീസ് ആസ്ഥാനത്ത് സംഘടിപ്പിച്ചിട്ടുണ്ട്.

*******************************